ബഹു. അച്ചാ/സുഹൃത്തേ,

ചാസിൽനിന്നും ആശംസകൾ !!!

ആഗോളതാപനത്തിന്റെയും തത്ഫലമായുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനത്തിന്റെയും അനന്തരഫലങ്ങൾ അപ്രതീക്ഷിത വെള്ളപ്പൊക്കത്തിന്റെയും വരൾച്ചയുടെയും രൂപത്തിൽ കേരളം അനുഭവിച്ചുകൊണ്ടിരിക്കുകയാണല്ലോ. പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ചൂഷണവും വായൂമലിനീകരിണവും അശാസ്ത്രീയ നിർമ്മാണപ്രവർത്തനങ്ങളും ആഗോളതാപനത്തെ ത്വരിതപ്പെടുത്തുന്ന ഘടകങ്ങളാണ്. മുൻ കാലങ്ങളിൽ ഒരു പ്രഹേളികയായിരുന്ന ആഗോളതാപനം കേരളത്തിൽ ഇന്ന് യാഥാർത്ഥ്യമായി തീർന്നിരിക്കുന്നു. കഴിഞ്ഞ വർഷത്തെപ്പോലെതന്നെ ഈ വർഷവും പ്രകൃതിക്ഷോഭങ്ങളിൽ പകച്ചുനിൽക്കുകയാണ് കേരളസമൂഹം. ഭൂമിയുടെ ഘടനയെതന്നെ മാറ്റിമറിക്കുന്ന രീതിയിലുള്ള പ്രതിഭാസങ്ങളാണല്ലോ അരങ്ങേറിയത്. ഒരു പരിധിവരെ അവധാനതാപൂർവ്വം, ചുട്ടുപൊള്ളുന്ന ഭൂമിയെ തണുപ്പിക്കാൻ നാം ശ്രമിക്കുന്നില്ലെങ്കിൽ, ജീവന്റെ നിലനിൽപ്പ് തന്നെ അസാധ്യമാകുന്ന സ്ഥിതിവിശേഷം സംജാതമാകും. ചാസ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന 'ഹരിതഭൂമി' പദ്ധതിയുടെ പ്രസക്തി നാം തിരിച്ചറിയണം. കാർഷിക മേഖലയുടെ നിലനിൽപ്പും പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും നമ്മുടെ മുൻഗണനാ വിഷയങ്ങളായി നിലനിർത്തിക്കൊണ്ടുതന്നെ സാമ്പത്തിക, സാമൂഹ്യ വികസനം സാധ്യമാക്കണം. പ്രകൃതിയെ ബഹുമാനിക്കുന്ന ഒരു സംസ്ക്കാരത്തിന്റെ ഉപാസകരാകാൻ നമുക്ക് പരിശ്രമിക്കാം.

വിശ്വസ്തതയോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## കുട്ടനാട് പുനർനിർമ്മാണ പദ്ധതി

ആഗസ്റ്റ് മാസം കുട്ടനാട് പുനരധിവാസ പദ്ധതിയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് ധനസഹായം വിതരണം ചെയ്തു.

### (1) ചാസ് ഭവനനിർമ്മാണ പദ്ധതി

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| നർബോനപുരം | 1 | 1, 2 | 1,25,000 |
| എടത്വാ | 1 | 1 | 75,000 |
| തെക്കേക്കര | 1 | 1 | 1,00,000 |
| മണലാടി | 2 | 1 | 1,50,000 |
| വെളിയനാട് നോർത്ത് | 1 | 1 | 75,000 |
| ചങ്ങംകരി | 1 | 1 | 75,000 |
| ഐക്കരച്ചിറ | 1 | 1 | 75,000 |
| രാമങ്കരി | 1 | 1, 2 | 2,50,000 |

| | | | |
|---|---|---|---|
| മണ്ണഞ്ചേരി | 1 | 1 | 40,000 |
| കൂലിപ്പുര | 2 | 1 | 2,00,000 |
| കൈനകരി | 1 | 1 | 75,000 |
| കുറുമ്പനാടം അസംപ്ഷൻ | 1 | 1 | 40,000 |
| പായിപ്പാട് | 1 | 1 | 50,000 |
| പാദുവാപുരം | 1 | 1 | 75,000 |
| **ആകെ** | **16** | | **14,05,000** |

## (2) ഷംഷാബാദ് രൂപത-ഭവനനിർമ്മാണം

| *ഇടവക* | *ഗുണഭോക്താക്കൾ* | *പദ്ധതി തുക* |
|---|---|---|
| ചേന്നങ്കരി | 5 | 1,25,000 (ഭാഗീകം) |
| പാണ്ടി | 3 | 1,75,000 (ഭാഗീകം) |
| **ആകെ** | **8** | **3,00,000** |

## (3) Xisco Muñoz Expuig, Spain þWatsan Project

**(a) ശൗചാലയം-** കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി Xisco Muñoz Expuig, Spain സഹകരണത്തോടെ ചീപ്പുങ്കൽ, വെളിയനാട് കേസറിയ, എടത്വാ, കായൽപുറം യൂണിറ്റുകളിൽ 5 കുടുംബങ്ങൾക്ക് ആഗസ്റ്റ് മാസം ശൗചാലയ നിർമ്മാണ സഹായമായി 1,40,000/- രൂപ വിതരണം ചെയ്തു.

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| ചീപ്പുങ്കൽ | 1 | 1 | 30,000 |
| വെളിയനാട് കേസറിയ | 1 | 2 | 10,000 |
| എടത്വാ | 1 | 1 | 40,000 |
| കായൽപുറം | 1 | 1 | 30,000 |
| പുല്ലങ്ങടി | 1 | 1 | 30000 |
| **ആകെ** | **5** | | **1,40,000** |

**(b) Water Purifier വിതരണം (22.08.2019)**

Xisco Muñoz Expuig പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന യൂണിറ്റുകളിൽ 95 ഗുണഭോക്താക്കൾക്ക് ജലശുദ്ധീകരണ സംവിധാനങ്ങൾ വിതരണം ചെയ്തു.

| *ഇടവക* | *ഗുണഭോക്താക്കൾ* | *പദ്ധതി തുക* |
|---|---|---|
| കുമരംകരി | 15 | 82500 |
| കാവാലം ലിസ്യൂ | 20 | 110000 |
| വെളിയനാട് കേസറിയ | 15 | 82500 |
| പയറ്റുപാക്ക | 17 | 93500 |
| കൈനടി | 20 | 110000 |
| എടത്വാ | 8 | 44000 |
| **ആകെ** | **95** | **522500** |

## (4) Flood Response-2019

### (a) ഫുഡ് കിറ്റ് വിതരണം

2019 ആഗസ്റ്റ് മാസം ഉണ്ടായ വെള്ളപ്പൊക്കത്തോടനുബന്ധിച്ച് കൂടുതൽ ദുരിതം അനുഭവിച്ച താഴത്തങ്ങാടി, ആർപ്പൂക്കര, ചെങ്ങളം, ഐക്കരച്ചിറ, കിളിരൂർ, മുട്ടാർ ന്യൂ, ചങ്ങങ്കരി, അറുന്നൂറ്റിൻപാടം, കത്തീഡ്രൽ എന്നീ യൂണിറ്റുകളിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്തു.

### (b) ശുചീകരണ യജ്ഞം

ആഗസ്റ്റ് മാസത്തിൽ കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ മേഖലയിലും, കുട്ടനാട്ടിൽ ഭാഗീകമായും ഉണ്ടായ വെള്ളപ്പൊക്കത്തിനുശേഷം വീടും പരിസരവും ശുചിയാക്കുന്നതിന് ആവശ്യമായ ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ ഗുളിക എന്നിവ ഐക്കരച്ചിറ, താഴത്തങ്ങാടി, ആർപ്പൂക്കര, കിളിരൂർ, ചെങ്ങളം, പുഴവാത്, ചങ്ങനാശ്ശേരി, ചമ്പക്കുളം, കൊണ്ടാക്കൽ, കണ്ടങ്കരി, തെക്കേക്കര, വടക്കേഅമിച്ചകരി, പുളിംകുന്ന്, കൊല്ലമുട്ടം, കാവാലം സെന്റ് തെരേസാസ്, കണ്ണാടി സെന്റ് റീത്താസ്, കണ്ണാടി സെന്റ് ജോസഫ്സ്, വെളിയനാട് നോർത്ത്, വെളിയനാട് സൗത്ത്, രാമങ്കരി, മാമ്പുഴക്കരി, പള്ളിക്കൂട്ടുമ്മ, മണലാടി, പുന്നക്കുന്നം, മിത്രക്കരി, മുട്ടാർ ന്യൂ എന്നീ യൂണിറ്റുകളിൽ വിതരണം ചെയ്തു.

## അറിയിപ്പുകൾ

### 1. മത ന്യൂനപക്ഷ പെൺകുട്ടികൾക്ക് സ്കോളർഷിപ്പ് (മൗലാന ആസാദ് എഡ്യുക്കേഷൻ ഫൗണ്ടേഷൻ)

9,10 ക്ലാസുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് 5000 രൂപയും +1, +2 ക്ലാസുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് 6000 രൂപയും ലഭിക്കും. വാർഷിക വരുമാനം 2 ലക്ഷം കവിയാൻ പാടില്ല. 50% മാർക്ക് ഉണ്ടായിരിക്കണം. ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 30.09.2019. web: www.maef.nic.in.

### 2. 'സ്ത്രീ ശക്തി' സ്വയംതൊഴിൽ പരിശീലന പരിപാടികൾ

സ്ഥിരവരുമാനം സ്ത്രീകൾക്ക് ആത്മവിശ്വാസം പ്രദാനം ചെയ്യുന്ന പ്രധാനപ്പെട്ട ഒരു ഘടകമാണല്ലോ. ഇന്നത്തെ കാലഘട്ടത്തിൽ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സ്ത്രീകളുടെ അന്തസ്സും ആത്മാഭിമാനവും ഉയർത്തുന്നതിൽ വലിയ പങ്കുണ്ട്. ഏറെ സ്ത്രീകൾ ഈ മേഖലയിൽ വിജയം കൊയ്ത് സമൂഹത്തിന് മാതൃകയായിട്ടുമുണ്ട്. വരുമാനദായക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനുള്ള പരിശീലനങ്ങളും, സാങ്കേതിക-സാമ്പത്തിക പിന്തുണയും ക്രെഡിറ്റ് യൂണിയൻ, SHG തുടങ്ങിയ മൂലധനസമാഹരണ പദ്ധതിയിലൂടെ ചാസ് വനിതകൾക്ക് നൽകിവരുന്നുണ്ട്. ഇതിന് അനുബന്ധമായി ചാസ് യൂണിറ്റുതലത്തിൽ 'സ്ത്രീ ശക്തി' എന്നപേരിൽ വിവിധ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ സംഘടിപ്പിക്കുകയാണ്.

**1. സ്ത്രീശക്തി-പാക്കേജ് 1**

• **തയ്യൽ • ഹാന്റ് എംബ്രോയ്ഡറി പരിശീലനം** + ***(ഫ്ളോർമാറ്റ് & ടേബിൾ മാറ്റ് പരിശീലനം സൗജന്യം)*** ഫീസ് 2000/ - രൂപ കാലാവധി മൂന്നുമാസം

• **കുടനിർമ്മാണം, ബേക്കറി, ആഭരണനിർമ്മാണം, പേപ്പർ ക്യാരി ബാഗ്, തുണിസഞ്ചി, ഫ്ളവർ മേക്കിംഗ്** (ഫീസ് 750/ - രൂപ)

***യൂണിറ്റുകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:-***

- കുറഞ്ഞത് 30 അംഗങ്ങൾ എങ്കിലും പരിശീലനത്തിൽ പങ്കെടുക്കാനുണ്ടാവണം.
- തയ്യൽ പരിശീലനത്തിന് ആവശ്യമായ റൂം ക്രമീകരിച്ചു നൽകേണ്ടതാണ്.
- പരിശീലനാർത്ഥികളിൽനിന്നും അപേക്ഷാ ഫോം, ഫീസ് എന്നിവ സ്വീകരിച്ച് പരിശീലനം തുടങ്ങുന്നതിന് മുമ്പ് കേന്ദ്ര ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കണം.
- പരിശീലനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ സഹകരണം നൽകണം. (ഉദാ. ബേക്കറി പരിശീലനത്തിന് ഗ്യാസ് സ്റ്റൗ etc.)

## 2 സ്ത്രീശക്തി-പാക്കേജ് 2

• **പേപ്പർ ക്യാരി ബാഗ്, തുണിസഞ്ചി, ഫ്ളവർ മേക്കിംഗ് പരിശീലനം**

- യൂണിറ്റുകളിൽ നേരിട്ടുവന്ന് പരിശീലനം നൽകുന്നതായിരിക്കും
- പരിശീലന കാലാവധി രണ്ട് ദിവസം (ഫീസ് 250 - രൂപ, ഏതെങ്കിലും ഒരിനംമാത്രം പഠിക്കുന്നതിന് 100/- രൂപ)

***യൂണിറ്റുകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:-***

- കുറഞ്ഞത് 25 അംഗങ്ങൾ എങ്കിലും പരിശീലനത്തിൽ പങ്കെടുക്കണം.
- ഒരു തയ്യൽ മെഷീൻ യൂണിറ്റ് ക്രമീകരിച്ച് നൽകേണ്ടതാണ്.
- തുണിസഞ്ചിക്ക് ആവശ്യമായ മെറ്റീരിയൽ പരിശീലനാർത്ഥികൾ തന്നെ കൊണ്ടുവരണം.
- ഫ്ളവർ മേക്കിംഗ്, പേപ്പർ ക്യാരി ബാഗ് എന്നിവയ്ക്കുള്ള മെറ്റീരിയൽ ചാസ് ക്രമീകരിക്കും.

## 3 സ്ത്രീശക്തി-പാക്കേജ് 3

• **കുടനിർമ്മാണം, ആഭരണനിർമ്മാണം, ബേക്കറി, സ്ക്വാഷ്, ജാം- പരിശീലനം**

- യൂണിറ്റുകളിൽ നേരിട്ടുവന്ന് പരിശീലനം നൽകുന്നതായിരിക്കും.
- പരിശീലന കാലാവധി 4 ദിവസം. (ഫീസ് 750 - രൂപ)

***യൂണിറ്റുകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ***

- കുറഞ്ഞത് 20 അംഗങ്ങൾ എങ്കിലും പരിശീലനത്തിൽ പങ്കെടുക്കണം.
- പരിശീലനത്തിന് ആവശ്യമായ മെറ്റീരിയൽ ചാസിൽനിന്നും ക്രമീകരിക്കും.

## 4 സ്ത്രീശക്തി - *ഒരു ഇനം മാത്രം പരിശീലനം*

- കുട നിർമ്മാണം Rs. 350
- ആഭരണനിർമ്മാണം Rs. 150
- തുണിസഞ്ചി Rs. 50
- ബേക്കറി പരിശീലനം Rs. 100
- പേപ്പർ ക്യാരി ബാഗ് Rs. 100
- ഫ്ളവർ മേക്കിംഗ് Rs. 150

## 3. സെപ്റ്റംബർ മാസത്തെ പ്രധാന പരിപാടികൾ

**1. സംഘതരംഗം- Men SHG സംഗമം**

| *തീയതി* | *മേഖല* | *യൂണിറ്റ്* |
|---|---|---|
| സെപ്റ്റം.15 | ചങ്ങനാശ്ശേരി & തുരുത്തി | ളായിക്കാട് |
| സെപ്റ്റം. 22 | എടത്വാ | എടത്വാ |

**2. യൂണിറ്റുതല പരിപാടികൾ**

| *തീയതി* | *പരിപാടി* | *യൂണിറ്റ്* |
|---|---|---|
| സെപ്റ്റം. 01 | സ്വാശ്രയസംഘസംഗമം | മണ്ണഞ്ചേരി |
| സെപ്റ്റം. 01 | യൂണിറ്റ് ഓഫീസ് ഉദ്ഘാടനം | നർബോനപുരം |
| സെപ്റ്റം. 05 | കാർഷികമേള | പാറേൽ |
| സെപ്റ്റം. 05 | സ്വാശ്രയ വിപണി ഉദ്ഘാടനം | പാമ്പാടി |
| സെപ്റ്റം. 07 | കാർഷിക പ്രദർശനം & സെമിനാർ | കൂരോപ്പട |
| സെപ്റ്റം. 22 | നേത്രചികിത്സാക്യാമ്പ് | മനയ്ക്കച്ചിറ |
| സെപ്റ്റം. 13 | സ്വാശ്രയസംഘസംഗമം | കൈനകരി |
| സെപ്റ്റം. 28 | സ്വാശ്രയസംഘസംഗമം | മുഹമ്മ |

**3. പ്രതീക്ഷ-RRTCമദ്യം മയക്കുമരുന്ന് ബോധവത്ക്കരണം**

**(a) സ്കൂൾ തലം**

| *തീയതി* | *സ്കൂൾ* |
|---|---|
| സെപ്റ്റം. 19 | സെന്റ് ആന്റണീസ് ഹയർ സെക്കണ്ടറി സ്കൂൾ, കുറുമ്പനാടം |
| സെപ്റ്റം. 20 | എസ്.എച്ച്. ഫാത്തിമാപുരം, ചങ്ങനാശ്ശേരി |
| സെപ്റ്റം. 23 | ക്ലൂണി സീനിയർ സെക്കണ്ടറി സ്കൂൾ, ചങ്ങനാശ്ശേരി |
| സെപ്റ്റം. 24 | ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, തൃക്കൊടിത്താനം |
| സെപ്റ്റം. 25 | ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, ചങ്ങനാശ്ശേരി |
| സെപ്റ്റം. 26 | സെന്റ് അലോഷ്യസ്, ഹയർ സെക്കണ്ടറി സ്കൂൾ, എടത്വാ |
| സെപ്റ്റം. 27 | സെന്റ് മേരീസ്, ഹൈസ്കൂൾ, എടത്വാ |

**(b) കോളേജ് തലം**

| *തീയതി* | *കോളേജ്* |
|---|---|
| സെപ്റ്റം. 16 | അസംപ്ഷൻ കോളേജ്, ചങ്ങനാശ്ശേരി |

## കേന്ദ്രവാർത്തകൾ

### 1. മേഖലാ PME സംഘടിപ്പിച്ചു

| *തീയതി* | *മേഖല* |
|---|---|
| ആഗസ്റ്റ് 1 വ്യാഴം | പുളിംകുന്ന് |
| ആഗസ്റ്റ് 06 ചൊവ്വാ | കുടമാളൂർ |

## 2. Men SHG മേഖലാ സംഗമം

ചാസിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന പുരുഷ സ്വാശ്രയസംഘങ്ങളുടെ മേഖലാതലസംഗമങ്ങൾ താഴെപ്പറയുന്ന മേഖലകളിൽ സംഘടിപ്പിച്ചു.

| *തീയതി* | *മേഖല* | *പങ്കെടുത്ത SHG കൾ* |
|---|---|---|
| ആഗസ്റ്റ് 4 ഞായർ | ആലപ്പുഴ | 24 |
| ആഗസ്റ്റ് 10 ശനി | കോട്ടയം | 12 |
| ആഗസ്റ്റ് 11 ഞായർ | അതിരമ്പുഴ | 8 |

## 3. RRTC മദ്യം, മയക്കുമരുന്ന് ബോധവത്ക്കരണ സെമിനാർ

RRTC-യുടെ നേതൃത്വത്തിൽ സ്വാശ്രയസംഘം, സ്കൂൾ, കോളേജ് തലങ്ങളിൽ മദ്യം, മയക്കുമരുന്ന് ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. RRTC കോ ഓർഡിനേറ്റർ ഫാ. തോമസ് കുളത്തുങ്കൽ, സിസ്റ്റർ സെൽമ SRA, റ്റി.എം. മാത്യു, ലിറ്റിമോൻ എം. എസ്. എന്നിവർ സെമിനാർ നയിച്ചു.

**(a) SHG തലം**

| *തീയതി* | *യൂണിറ്റ്* | *പങ്കെടുത്തവർ* |
|---|---|---|
| ജൂലൈ 26 | ഇത്തിത്താനം | 50 |
| ആഗസ്റ്റ് 01 | പാണ്ടി | 84 |
| ആഗസ്റ്റ് 06 | ഫാത്തിമാപുരം | 51 |
| ആഗസ്റ്റ് 08 | തൃക്കൊടിത്താനം | 72 |
| ആഗസ്റ്റ് 11 | അതിരമ്പുഴ | 72 |
| ആഗസ്റ്റ് 18 | നാൽപ്പാത്തിമല | 103 |
| ആഗസ്റ്റ് 21 | പള്ളാത്തുരുത്തി | 53 |
| ആഗസ്റ്റ് 22 | വള്ളംചിറ | 52 |
| ആഗസ്റ്റ് 23 | തത്തംപള്ളി | 63 |
| ആഗസ്റ്റ് 25 | പുത്തനങ്ങാടി | 53 |
| ആഗസ്റ്റ് 27 | വെട്ടിമുകൾ | 65 |

**(a) സ്കൂൾ തലം**

| *തീയതി* | *സ്കൂൾ* | *പങ്കെടുത്തവർ* |
|---|---|---|
| ജൂലൈ 30 | സെന്റ് തെരേസാസ് HSS, നെടുംകുന്നം | 102 |
| ആഗസ്റ്റ് 01 | സെന്റ് ജോൺസ് ദി ബാപ്റ്റിസ്റ്റ് HSS, നെടുംകുന്നം | 105 |
| ആഗസ്റ്റ് 02 | എസ്.ബി. HSS, ചങ്ങനാശ്ശേരി | 107 |

**(b) കോളേജ് തലം**

| *തീയതി* | *കോളേജ്* | |
|---|---|---|
| ആഗസ്റ്റ് 07 | ക്രിസ്തു ജ്യോതി കോളേജ് ഓഫ് മാനേജ്മെന്റ് & ടെക്നോളജി, ചെത്തിപ്പുഴ | 207 |
| ആഗസ്റ്റ് 20 | സെന്റ് മൈക്കിൾസ്, ചേർത്തല | 206 |
| ആഗസ്റ്റ് 27 | B.K. കോളേജ്, അമലഗിരി | 210 |

## 4. ഖാദി-ഓണം-ബക്രീദ് ഡിസ്കൗണ്ട് മേള ആരംഭിച്ചു

കേന്ദ്ര ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെയും കേരളാഖാദി ഗ്രാമവ്യവസായ ബോർഡിന്റെയും സഹകരണത്തോടെ കോട്ടയം ശാസ്ത്രി റോഡ്, ചങ്ങനാശ്ശേരി അരമനപ്പടി, മല്ലപ്പള്ളി പഞ്ചായത്ത് ജംഗ്ഷൻ, പള്ളിക്കൂട്ടുമ്മ എന്നിവിടങ്ങളിലെ ചാസ്-ഖാദി ഭവനുകളിൽ ഓണം-ബക്രീദ് ഖാദി മേള ആഗസ്റ്റ് 16 ന് ആരംഭിച്ചു. ശ്രീ. തോമസ് ചാഴിക്കാടൻ MLA, ശ്രീ. സി.എഫ്. തോമസ് MLA, ശ്രീ. മാത്യു റ്റി. തോമസ് MLA എന്നിവർ മേളയുടെ ഉദ്ഘാടനം വിവിധ ഭവനുകളിൽ നിർവഹിച്ചു. ശ്രീ. കൊടിക്കുന്നിൽ സുരേഷ് MP ഖാദിമേളയുടെ കൂപ്പൺ വിതരണം ഉദ്ഘാടനം ചെയ്തു. ഖാദി വസ്ത്രങ്ങൾക്ക് 30% ഗവൺമെന്റ് റിബേറ്റും, ഗ്രാമവ്യവസായ ഉൽപ്പന്നങ്ങൾക്ക് ആകർഷകമായ ഡിസ്ക്കൗണ്ടും മേളയിൽ ലഭ്യമാണ്. ഇൻഡ്യയിലെ വിവിധസംസ്ഥാനങ്ങളിൽനിന്നുള്ള ഖാദി ഗ്രാമവ്യവസായ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും ക്രമീകരിച്ചിരിക്കുന്ന മേള സെപ്റ്റംബർ 10 ന് സമാപിക്കും.

## 5. ചാസ് നേതൃസംഗമം

'ഹരിതഭൂമി 2019-22' പദ്ധതി യൂണിറ്റുകളിൽ നടപ്പാക്കുന്നതിനെക്കുറിച്ചും 2019 ആഗസ്റ്റ് മാസം ഉണ്ടായ കാലവർഷ കെടുതിയിൽ മലബാർ മേഖലയിലുണ്ടായ ദുരിതമനുഭവിക്കുന്നവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന പുനരധിവാസ പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നതിനുമായി ആഗസ്റ്റ് 23 വെള്ളിയാഴ്ച ഉച്ച കഴിഞ്ഞ് 2.30 ന് ചാസ് കേന്ദ്ര ഓഫീസിൽ യൂണിറ്റ് സെക്രട്ടറിമാരുടെ യോഗം സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ റവ. ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ വിഷയാവതരണം നടത്തി. 67 യൂണിറ്റുകളിൽനിന്ന് ഭാരവാഹികൾ പങ്കെടുത്തു.

## 6. കാർഷിക സർവ്വകലാശാല വിദ്യാർത്ഥികൾക്ക് പരിശീലനം

കേരള കാർഷിക സർവ്വകലാശാല കാസർഗോഡ് കാർഷിക കോളേജിലെ വിദ്യാർത്ഥികൾക്ക് ചാസിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 26 മുതൽ 30 വരെ പരിശീലനം നൽകി.

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2019 ആഗസ്റ്റ് മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 426. തെയ്യാമ്മ തോമസ് ചേപ്പാട് | ശാന്തിഭവൻ | മരിയാപുരം | എടത്വാ |
| 427. മേരിക്കുട്ടി ചാക്കോ, കാനാച്ചേരി | അൽഫോൻസാ | കായൽപുറം | പുളിംകുന്ന് |

### (2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം

- **മരണാനന്തരസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 283. ത്രേസ്യാമ്മ വർഗ്ഗീസ് പാറയിൽ | കുളത്തൂർ | മണിമല |
| 284. ടോമിച്ചൻ റ്റി. ജെ. തെള്ളിയിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |

| | | |
|---|---|---|
| 285. മോഹനൻ കെ.പി. കുന്നുംപുറത്ത് | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 286. രവി ചിറപ്പുറത്ത് | ചേപ്പുംപാറ | കോട്ടയം |
| 287. റ്റി. എബ്രഹാം തൈപ്പറമ്പിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 288. പി.പി. ജോസഫ് പടിഞ്ഞാറെവീട് | കൂത്രപ്പള്ളി | നെടുംകുന്നം |
| 289. ആൻസി സെബാസ്റ്റ്യൻ നടുവിലേഴം | കൂത്രപ്പള്ളി | നെടുംകുന്നം |
| 290. റോസമ്മ ദേവസ്യ, ചെമ്പിലകം | കൂത്രപ്പള്ളി | നെടുംകുന്നം |
| 291. ആന്റണി വർഗ്ഗീസ് മണലിപ്പറമ്പ് | മുട്ടാർ ഓൾഡ് | എടത്വാ |
| 292. കത്രീനാ ചക്കോ, മുണ്ടുകാട് | മരിയാപുരം | എടത്വാ |
| 293. ത്രേസ്യാമ്മ ജോസഫ് പുതുക്കുളം | നാലുകോടി | തൃക്കൊടിത്താനം |

- **ചികിത്സാസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 149. ജെസ്സീനാ നൗഫൽ ചന്ദനപ്പറമ്പിൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 150. രാജു കെ.ആർ. കൊച്ചുപറമ്പിൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 151. ലാലിമ്മ ദേവസ്യ, പി.സി. കവല | പായിപ്പാട് | തൃക്കൊടിത്താനം |
| 152. റോസമ്മ വർഗ്ഗീസ് മാളിയേക്കൽ | തായങ്കരി | എടത്വാ |

## (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2019 ആഗസ്റ്റ് മാസം 30 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ ശുപാർശ പ്രകാരം 70 അപേക്ഷകർക്ക് 94610/- രൂപ നൽകി.

## (4) സേവ് എ ഫാമിലി പ്ലാൻ (SAFP)

• 2019 ആഗസ്റ്റ് മാസം 38 കുടുബങ്ങൾക്ക് 4,52,100/- രൂപ സഹായധനം അനുവദിച്ചു.

## (5) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2019 ആഗസ്റ്റ് മാസം 3 കുടുംബങ്ങൾക്ക് ചികിത്സാചെലവിനത്തിൽ 25,266/- രൂപ അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|
| 1. ബിനുസെബാസ്റ്റ്യൻ, മുണ്ടപ്ലാക്കൽ | കോട്ടയം | 6386 |
| 2. എ.കെ. വർക്കി ആനക്കല്ലുങ്കൽ | പങ്ങട | 10390 |
| 3. ലില്ലിക്കുട്ടി ചാക്കോ. കൊട്ടുകുളം | ഏറ്റുമാനൂർ | 8490 |

## മേഖലാവാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 26.07.2019 | കുമരകം നവനസ്രത്ത് | തേജസ് | 12 |
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | സെന്റ് ജോസഫ് | 10 |
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | അനുഗ്രഹ | 11 |
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | ആൽഫാ | 12 |

| | | | |
|---|---|---|---|
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | റിയ | 15 |
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | ട്രിനിറ്റി | 16 |
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | സെന്റ് ക്ലയർ | 20 |
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | അൽഫോൻസ | 17 |
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | ജീസ്സസ് | 13 |
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | ആഗ്നൽ | 16 |
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | ചെറുപുഷ്പം | 16 |
| 31.07.2019 | ഇത്തിത്താനം | കാരുണ്യ | 14 |
| 31.07.2019 | ഇത്തിത്താനം | തണൽ | 13 |
| 31.07.2019 | ഏറ്റുമാനൂർ | ദൃശ്യ | 10 |
| 31.07.2019 | ചമ്പക്കുളം | അൽഫോൻസാ | 11 |
| 31.07.2019 | ചമ്പക്കുളം | ശാലോം | 15 |
| 31.07.2019 | ചമ്പക്കുളം | ഏയ്ഞ്ചൽ | 10 |
| 31.07.2019 | ചമ്പക്കുളം | ദീപം | 13 |
| 31.07.2019 | ചമ്പക്കുളം | കൃപ | 12 |
| 31.07.2019 | ചമ്പക്കുളം | ലിറ്റിൽ ഫ്ളവർ | 14 |
| 31.07.2019 | ചമ്പക്കുളം | കാരുണ്യ | 20 |
| 31.07.2019 | ആറാട്ടുവഴി | ഉണർവ് | 19 |
| 06.08.2019 | മണ്ണാർകുന്ന് | എയ്ഞ്ചൽ | 10 |
| 06.08.2019 | മണ്ണാർകുന്ന് | ജനനി | 13 |
| 07.08.2019 | കേസറിയ | ശക്തി | 10 |
| 07.08.2019 | കേസറിയ | ജീവൻ | 10 |
| 08.08.2019 | കാവാലം സെന്റെ തെരേസാസ് | താലന്ത് | 20 |
| 09.08.2019 | ചെത്തിപ്പുഴ | ചങ്ങാതി (എ) | 16 |
| 09.08.2019 | ചെത്തിപ്പുഴ | ചങ്ങാതി (ബി) | 16 |
| 09.08.2019 | മനയ്ക്കച്ചിറ | അനുഗ്രഹ | 16 |
| 14.08.2019 | പാമ്പാടി | മരിയൻ | 14 |
| 14.08.2019 | പാമ്പാടി | സെന്റ് ആന്റണീസ് | 12 |
| 14.08.2019 | പാമ്പാടി | ആൽഫോൻസാ | 10 |
| 14.08.2019 | ഏറ്റുമാനൂർ | ക്രിസ്തുരാജ | 12 |
| 14.08.2019 | ഏറ്റുമാനൂർ | ആൽഫോൻസാ | 12 |
| 16.08.2019 | ചെറുവാണ്ടൂർ | പട്ടുനൂൽ | 11 |
| 19.08.2019 | തെക്കേക്കര | അനുഗ്രഹ | 14 |
| 19.08.2019 | തെക്കേക്കര | മദർ തെരേസാ | 12 |
| 19.08.2019 | തെക്കേക്കര | എക്ലേസ്യാ | 11 |
| 19.08.2019 | തെക്കേക്കര | തിരുഹൃദയം | 20 |
| 23.08.2019 | മണലാടി | ഐശ്വര്യ | 12 |
| 23.08.2019 | മണലാടി | ലൂർദ്ദ് | 16 |

| | | | |
|---|---|---|---|
| 23.08.2019 | മണലാടി | സെന്റ് അൽഫോൻസാ | 11 |
| 23.08.2019 | പൊങ്ങ | ഐശ്വര്യ | 10 |
| 23.08.2019 | പായിപ്പാട് | നന്മ | 14 |

## സ്വാശ്രയസംഘസംഗമം

| *തീയതി* | *യൂണിറ്റ്* | *പങ്കെടുത്തവർ* |
|---|---|---|
| ജൂലൈ 27 | എടത്വാ | 180 |
| ആഗസ്റ്റ് 01 | പാണ്ടി | 84 |
| ആഗസ്റ്റ് 2 | നർബോനപുരം | 62 |
| ആഗസ്റ്റ് 6 | ഫാത്തിമാപുരം | 51 |
| ആഗസ്റ്റ് 8 | തൃക്കൊടിത്താനം | 72 |
| ആഗസ്റ്റ് 18 | നാൽപ്പാത്തിമല | 103 |
| ആഗസ്റ്റ് 20 | പള്ളാത്തുരുത്തി | 53 |
| ആഗസ്റ്റ് 22 | വള്ളംചിറ | 52 |
| ആഗസ്റ്റ് 23 | തത്തംപള്ളി | 63 |

## Men SHG സംഗമം

സംഘതരംഗം പദ്ധതിയുടെ ഭാഗമായി പുരുഷ SHG കളുടെ മേഖലാതല സംഗമം മൂന്നു മേഖലകളിൽ സംഘടിപ്പിച്ചു. സംഗമങ്ങളിൽ SHG കളുടെ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ചാസിന്റെ വിവിധ പദ്ധതികളെ കുറിച്ച് ഡയറക്ടർ ക്ലാസ് നയിച്ചു. മേഖലാ കോ-ഓർഡിനേറ്റർമാരായ ശ്രീ. ഡി. ജോസ്, ശ്രീമതി സജി ഷാജി, ശ്രീമതി സിജി ബിജുമോൻ, മേഖലാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

| *തീയതി* | *മേഖല* | *പങ്കെടുത്ത SHG കൾ* | *പങ്കെടുത്തവർ* |
|---|---|---|---|
| ആഗസ്റ്റ് 4 | ആലപ്പുഴ | 24 | 206 |
| ആഗസ്റ്റ് 8 | കോട്ടയം | 28 | 65 |
| ആഗസ്റ്റ് 11 | അതിരമ്പുഴ | 9 | 68 |

## സ്വാശ്രയസംഘ വാർഷികം

കിഴക്കേമിത്രക്കരി 'മരിയ' സ്വാശ്രയസംഘത്തിന്റെ വാർഷികം ആഗസ്റ്റ് 14 ന് സംഘടിപ്പിച്ചു. 2015 2019 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

## ആശാകിരണം-കാൻസർ ബോധവത്ക്കരണം

നർബോനപുരം യൂണിറ്റിൽ ആഗസ്റ്റ് 2 ന് കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റു ഡയറക്ടർ റവ. ഫാ. ദിമാനിയോസ് കോച്ചേരി ഉദ്ഘാടനം നിർവഹിച്ചു. കാൻസർ രോഗലക്ഷണങ്ങൾ പ്രതിരോധമാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു. 62 അംഗങ്ങൾ പങ്കെടുത്തു.

## കർഷകദിനാചരണം

പച്ച-ചെക്കിടിക്കാട് യൂണിറ്റിൽ ആഗസ്റ്റ് 20 ന് കർഷകദിനാചരണം സംഘടിപ്പിച്ചു. 'ഹരിതഭൂമി 2019-22' ന്റെ ഭാഗമായ ' തൊടിയിൽ ഒരു ഫലവൃക്ഷം' പദ്ധതിക്ക് ആരംഭം കുറിച്ചു. 50 അംഗങ്ങൾ പങ്കെടുത്തു.

## ഫാർമേഴ്സ് ക്ലബ് മീറ്റിംഗ്

ഇത്തിത്താനം യൂണിറ്റിൽ ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് ആഗസ്റ്റ് 21 ന് സെന്റ് മേരീസ് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. വാഴപ്പള്ളി കൃഷി ഭവന്റെയും, ചാസ് യൂണിറ്റിന്റെയും നേതൃത്വത്തിൽ പച്ചക്കറിതൈകളും വിത്തും വിതരണം ചെയ്തു. 25 അംഗങ്ങൾ പങ്കെടുത്തു.

## കാർഷിക സെമിനാറും പച്ചക്കറിവിത്തുകളും ഗ്രോബാഗ് വിതരണവും

മുഹമ്മ യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ഹരിതാ' ഫാർമേഴ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 25 ഞായറാഴ്ച ഉച്ചകഴിഞ്ഞ് കാർഷിക സെമിനാറും പച്ചക്കറി വിത്തുകൾ ഗ്രോബാഗ് വിതരണവും സംഘടിപ്പിച്ചു. ഇന്ന് സമൂഹം നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും കാർഷിക മേഖലയിലെ പ്രതിസന്ധികളും ചർച്ച ചെയ്യപ്പെട്ട സെമിനാർ മുഹമ്മ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജെ. ജയലാൽ ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോൺ പരുവപ്പറമ്പിൽ ആമുഖസന്ദേശം നൽകി. 85 അംഗങ്ങൾ പങ്കെടുത്ത സെമിനാറിൽ ചാസ് സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസ് എബ്രഹാം, ഫാർമേഴ്സ് ക്ലബ് പ്രസിഡന്റ് ശ്രീ. തങ്കച്ചൻ പുല്ലുംപാറ ശ്രീ. വർഗ്ഗീസ് നടുച്ചിറയിൽ എന്നിവർ നയിച്ചു. പഞ്ചായത്ത് മെമ്പർ ശ്രീമതി അജിതാ രാജീവ് യൂണിറ്റ് പ്രസിഡന്റ് ശ്രീ. ചാക്കോ യോഗ്യാവീട് എന്നിവർ പ്രസംഗിച്ചു. സെമിനാറിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും പച്ചക്കറിവിത്തും ഗ്രോബാഗും സൗജന്യമായി വിതരണം ചെയ്തു.

## മത്സ്യകൃഷി രണ്ടാം ഘട്ടം വിളവെടുപ്പ്

ചാസ് 'മാവേലി' പുരുഷ സ്വാശ്രയ സംഘം നടത്തിയ മത്സ്യകൃഷിയുടെ രണ്ടാം ഘട്ട വിളവെടുപ്പ് ആഗസ്റ്റ് 21 ന് അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലിസ്സി ടോമി ഉദ്ഘാടനം ചെയ്തു. സംഘം പ്രസിഡന്റ് വിഷ്ണു പ്രസന്നൻ അദ്ധ്യക്ഷതവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് വികസന സ്ഥിരസമിതി അദ്ധ്യക്ഷൻ സജി തടത്തിൽ പ്രസംഗിച്ചു.

## സേവ് എ ഫാമിലി പ്ലാൻ റീജണൽ മീറ്റിംഗ്

സേവ് എ ഫാമിലി പ്ലാൻ കുട്ടനാട് മേഖലാതലമീറ്റിംഗ് ജൂലൈ 27 ന് പഴവങ്ങാടി പാരീഷ്ഹാളിൽ സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. 'കുടുംബ ജീവിതം ഇന്ന്' എന്ന വിഷയത്തെ ആസ്പദമാക്കി സിസ്റ്റർ പ്രീമ CMC ക്ലാസ് നയിച്ചു. മേഖലാ പ്രസിഡന്റ് ശ്രീ. പി.ജെ. ചെറിയാൻ ആശംസയർപ്പിച്ചു. 90 അംഗങ്ങൾ പങ്കെടുത്തു.

## തയ്യൽപരിശീലനം ആരംഭിച്ചു

പുല്ലങ്ങടി യൂണിറ്റിൽ ആഗസ്റ്റ് 1 ന് തയ്യൽ പരിശീലനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ്ജിയൻ വെളിയാത്ത് അദ്ധ്യക്ഷതവഹിച്ചു. ചാസ്

ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. ശ്രീമതി മേഴ്സി ടോമിച്ചന്റെ നേതൃത്വത്തിൽ 35 വനിതകൾ പരിശീലനം നേടുന്നു.

## കാർപ്പറ്റ് നിർമ്മാണ പരിശീലനം

പുല്ലങ്ങടി യൂണിറ്റിലെ സ്വാശ്രയസംഘാംഗങ്ങൾക്കും തയ്യൽ പരിശീലനാർത്ഥികൾക്കുമായി ആഗസ്റ്റ് 9 ന് കാർപ്പറ്റ് നിർമ്മാണത്തിൽ മേഖലാ കോ-ഓർഡിനേറ്റർ ആൻസി ലോനിച്ചൻ പരിശീലനം നൽകി. 45 വനിതകൾ പങ്കെടുത്തു.

തെക്കേക്കര സെന്റ് ജോൺസ് യൂണിറ്റിലെ സ്വാശ്രയസംഘാംഗങ്ങക്ക് ആഗസ്റ്റ് 9 ന് കാർപ്പറ്റ് നിർമ്മാണത്തിൽ മേഖലാ കോ-ഓർഡിനേറ്റർ ബിന്ദു തോമസ് പരിശീലനം നൽകി. 42 വനിതകൾ പങ്കെടുത്തു.

## തേനീച്ച വളർത്തൽ പരിശീലനം

കരിമ്പനക്കുളം യൂണിറ്റിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 6-ാം തീയിതി തേനീച്ച വളർത്തലും അതിന്റെ പ്രവർത്തനരീതികളേയും കുറിച്ച് ഖാദി കമ്മീഷന്റെ നേതൃത്വത്തിൽ ക്ലാസ് സംഘടിപ്പിച്ചു. ശ്രീ. ജെയിംസ് ഡൊമിനിക്ക് ക്ലാസ് നയിച്ചു. 28 അംഗങ്ങൾ പങ്കെടുത്തു.

## കുടനിർമ്മാണ പരിശീലനം

വള്ളംചിറ യൂണിറ്റിൽ ആഗസ്റ്റ് 22 ന് കുടനിർമ്മാണത്തിൽ ശ്രീമതി ഗ്രേയ്സമ്മ ജോസഫിന്റെ നേതൃത്വത്തിൽ പരിശീലനം നൽകി. 15 അംഗങ്ങൾ പങ്കെടുത്തു.

# അനുമോദനങ്ങൾ



**റോമിലെ വി. ജോൺ പോൾ II തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയൻസ് ഓഫ് മാരിയേജ് & ഫാമിലി കൗൺസിലിംഗിൽ നിന്നും ഡോക്ടറേറ്റു നേടിയ**

**ബഹു. കാവിത്താഴെ ഫിലിപ്പ് അച്ചന്**

**അനുമോദനങ്ങളും ആശംസകളും.**